# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 3408

**14.03.2017**-ൽ മറുപടിക്ക്

## പുറത്ത് പോകേണ്ടിവരുന്ന ജീവനക്കാർക്ക് പുനർനിയമനം നൽകുന്നത്

| | **ചോദ്യം**<br>ശ്രീ. കെ.എസ്. ശബരീനാഥൻ | | **ഉത്തരം**<br>ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|---|
| (എ) | ജില്ലാതല പി.എസ്.സി. ഓഫീസ് മുഖേന സർക്കാർ നിയമനം ലഭിച്ച ജീവനക്കാർക്ക് അവരുടേതല്ലാത്ത കാരണത്താൽ പുറത്ത് പോകേണ്ടിവരുന്ന സാഹചര്യത്തിൽ പുനർ നിയമനം നൽകുന്നതിന്റെ മാനദണ്ഡങ്ങൾ എന്താണ്; | (എ)<br>(ബി)<br>&<br>(സി) | 1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ഭാഗം II ചട്ടം 7 (a) പ്രകാരം ഒരു തസ്തികയിൽ ഒഴിവില്ലാത്ത സാഹചര്യത്തിൽ ആദ്യം ജൂനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ പ്രൊബേഷണറെയും പിന്നീട് അപ്രൂവ്ഡ് പ്രൊബേഷണറേയും സർവ്വീസിൽ നിന്നും പുറത്താക്കാവുന്നതാണ്. പ്രസ്തുത തസ്തികയിൽ ഒഴിവ് ലഭ്യമാകുന്ന വേളയിൽ ഇത്തരത്തിൽ പുറത്താക്കിയവർക്ക് അവരുടെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ചട്ടം 7 (b) പ്രകാരം പുനർനിയമനം നൽകുന്നതാണ്. പ്രസ്തുത ചട്ടത്തിൽ വികലാംഗർക്ക് മാത്രമായി പരിഗണന |
| (ബി) | മറ്റ് ജോലികൾ ചെയ്ത് കുടുംബം പോറ്റാൻ ശാരീരികമായി പറ്റാത്ത വികലാംഗരായവർ, വകുപ്പുകളിൽ ബന്ധപ്പെട്ട തസ്തികയിൽ ഒഴിവ് ഇല്ലായെന്ന കാരണത്താൽ പുറത്ത് പോകേണ്ടിവരുമ്പോൾ ഇവരുടെ ശാരീരിക സ്ഥിതി പരിഗണിച്ച് അതേ തസ്തികയിൽ സംസ്ഥാനതലത്തിൽ ഉണ്ടാകാവുന്ന ഒഴിവുകളിൽ നിയമനത്തിന് പരിഗണന നൽകുമോ; | | |
| (സി) | സംസ്ഥാനത്ത് ഒഴിവില്ലാതെ പുറത്ത് പോകേണ്ടിവരുന്ന വികലാംഗരായ ജീവനക്കാർക്ക് ഈ സാഹചര്യം ഒഴിവാക്കി പരിരക്ഷ | | |

| | | | |
|---|---|---|---|
| | നൽകുന്നതിനുള്ള നടപടികൾ പ്രത്യേകമായി പരിഗണിക്കുമോ; | | നൽകുവാൻ നിലവിൽ വ്യവസ്ഥയില്ല. |
| (ഡി) | സംസ്ഥാന ഫിഷറീസ് വകുപ്പിൽ ഡയറക്ടറേറ്റിൽ നിന്നും ഇത്തരത്തിൽ പുറത്ത് പോകേണ്ടിവന്ന ബൈന്റർ ഗ്രേഡ് II ജോലി നോക്കിയ ശ്രീ. അനസ്, പള്ളിവേട്ട ആര്യനാടിന്റെ ഇത് സംബന്ധിച്ച നിവേദനം വികലാംഗനെന്ന പരിഗണന നൽകി പ്രത്യേകമായി പരിഗണിക്കുമോ? | (ഡി) | വിവരം ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ